**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1555 6.3.2017-ൽ മറുപടിയ്ക്ക്**

**വെറ്ററിനറി കോളേജുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ് | ശ്രീ.വി.എസ്.സുനിൽകുമാർ (കൃഷി ,മണ്ണ് പര്യവേഷണവും&സംരക്ഷണവും കാർഷിക,വെറ്ററിനറി സർവ്വകലാശാല,വെയർഹൗസിങ്ങ് കോർപ്പറേഷൻ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര വെറ്ററിനറി കോളേജുകൾ നിലവിലുണ്ട്; | എ) രണ്ട്. |
| ബി) പുതിയ വെറ്ററിനറി കോളേജുകൾ തുടങ്ങാൻ കഴിഞ്ഞ സർക്കാരിന്റെ ഉത്തരവനുസരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വന്ന തിരുവനന്തപുരത്തെ ആര്യനാട്, ആലപ്പുഴയിലെ ഹരിപ്പാട്, കോട്ടയം എന്നീ സ്ഥലങ്ങളിൽ പ്രവർത്തനം ഉടൻ ആരംഭിക്കുമോ;ഇവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ പുതിയ കോളേജുകൾ മറ്റ് സ്ഥലങ്ങളിൽ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | ബി) തിരുവനന്തപുരത്തെ ആര്യനാട് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.ഹരിപ്പാട് കറുവാറ്റ,തൃക്കുന്നപ്പുഴ വില്ലേജുകളിൽ വെറ്ററിനറി കോളേജ് സ്ഥാപിക്കാനാവശ്യമായ സ്ഥലം വിദഗ്ധ സംഘം പരിശോധിച്ച് അനുകൂല റിപ്പോർട്ട് നൽകിയിട്ടുണ്ട്.കോളേജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് അംഗീകരിച്ചതിന് ശേഷം കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സർവ്വകലാശാലയ്ക്ക് കൈമാറേണ്ടതുണ്ട്. അതിന് ശേഷം വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം, സർവ്വകലാശാല ബോർഡ് ഓഫ് മാനേജ്മെന്റിന്റെ അംഗീകാരം എന്നിവ ലഭിക്കുന്ന മുറക്ക് കോളേജിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടയത്ത് സ്ഥലം കണ്ടെത്തിയിട്ടില്ല .കോളേജ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനായുള്ള പദ്ധതി റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പാലക്കാട് തിരുവാഴാംകുന്ന്, തൃശ്ശൂർ ചേലക്കര ,കണ്ണൂർ കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ കോളേജുകൾ സ്ഥാപിക്കാനുള്ള സാധ്യതകൾ ആരാഞ്ഞ് വരുന്നു. |
| സി) | സംസ്ഥാനത്ത് മൃഗസംരക്ഷണവും പാലിന്റെ ദൗർലഭ്യവും ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് വെറ്റിനറി സർവകലാശാലയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ച് മൃഗസംരക്ഷണവും പാൽദൗർലഭ്യവും മൃഗവേട്ടകളും മൃഗങ്ങളോടുള്ള ക്രൂരതയും അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | സി) | ഇതിനായി സാധ്യമായ എല്ലാ സാങ്കേതിക ഉപദേശവും സർവ്വകലാശാലയിൽ നിന്ന് ലഭ്യമാക്കുന്നതാണ്. |
| ഡി) | വെറ്റിനറി സർവ്വകലാശാലയിലേക്ക് ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒന്നരവർഷമായിട്ടും ലിസ്റ്റിൽ നിന്നും അഞ്ചുപേർക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റുള്ളവർക്ക് ഇനി ഒരിടത്തും അപേക്ഷിക്കുവാൻ സാങ്കേതിക കാരണങ്ങൾ മൂലം കഴിയാത്തവരാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി | ഡി) | സർവകലാശാലയിൽ ഇപ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ നിലവിലില്ല. |

| | | |
|---|---|---|
| | അവർക്ക് സംരക്ഷണം നൽകുവാൻ സർക്കാർ തയ്യാറാകുമോ; | |
| ഇ) | നിലവിൽ ഒരു കോളേജിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ എന്നത് മാറ്റി ഒരു കോളേജിൽ രണ്ട് പേരെയെങ്കിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;അല്ലാത്ത പക്ഷം സാധ്യത പരിശോധിച്ച് അത്രയും ഉദ്യോഗാർത്ഥികളെ സർവകലാശാലാ ആസ്ഥാനത്ത് നിയമനം നൽകി അവരുടെ ഉന്നത വിദ്യാഭ്യാസ യോഗ്യത പരിഗണിച്ച് താൽക്കാലികമായി മറ്റ് ഡ്യൂട്ടികളിൽ പ്രവേശിപ്പിച്ച് അവരെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ